കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം**

**e-mail:lfadtvm@yahoo.in**

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.8/201/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി :30.04.2019

ഫോൺ-0471-2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഴൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : അഴൂർ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.8/201/2019 തീയതി : 30.04.2019

**തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.07.2017 മുതൽ 11.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ എസ്.ജെ. (ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ 23.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.ജി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സ്വപ്ന ആർ.കെ. അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശരത്.ജെ.ശങ്കർ, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വി.ഇന്ദിര | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.എസ്.ഹരികുമാർ (ചാർജ്ജ്) | 01.04.2017മുതൽ 06.04.17 വരെ |
| | ശ്രീ. എസ്.സുഭാഷ് | 07.04.2017 മുതൽ 31.07.17 വരെ |
| | ശ്രീ.എസ്.ഹരികുമാർ (ചാർജ്ജ്) | 01.08.17 മുതൽ 06.08.17 വരെ |
| | ശ്രീ.ജയദേവൻ (ചാർജ്ജ്) | 07.08.17 മുതൽ 08.08.17 വരെ |
| | ശ്രീ. അപ്പുകുമാർ വി.കെ. | 09.08.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എസ്.ഹരികുമാർ | 01.04.17 മുതൽ 01.09.17 വരെ |
| | ശ്രീ.രാജീവ്. ജി.വി. | 02.09.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ. | ശ്രീമതി.വി.കെ.ഷീല | 01.04.17 മുതൽ 07.11.17 വരെ |
| | ശ്രീ.വിജയൻ. വി.കെ. | 08.11.17 മുതൽ 05.01.18 വരെ |
| | ശ്രീമതി. രാമസുധ | 06.01.18 മുതൽ 31.03.18 വരെ |
| വി.ഇ.ഒ(സർക്കിൾ 1) | ശ്രീ. അഭിലാഷ്. സി. | 01.04.17 മുതൽ 04.01.18 വരെ |
| | ശ്രീമതി. മായ.സി | 05.01.18 മുതൽ 31.03.18 വരെ |
| വി.ഇ.ഒ(സർക്കിൾ 2) | ശ്രീ. ബിനുപ്രസാദ് | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ശൈലജ.ബി.എസ്. | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.വന്ദന.സി.ജി | 01.04.17 മുതൽ 30.06.17 വരെ |
| | ഡോ.സുനിത | 01.07.17 മുതൽ 13.10.17 വരെ |
| | ഡോ.സുനിൽ വിൽസൺ | 14.10.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ. | ശ്രീമതി.ലക്ഷ്മി ഭാസി | 01.04.17 മുതൽ 01.07.17 വരെ |
| | ശ്രീമതി.ശ്രീവൽസ.പി.ശ്രീനിവാസൻ | 01.07.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശ്രീകല.ബി.എസ്. | 01.04.17 മുതൽ 18.08.17വരെ |
| | ശ്രീമതി.ബ്രിന്ദ | 19.08.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ. പത്മപ്രസാദ്.ബി.എസ്. | 01.04.2017 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. എ.കെ.സുമി | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്മിത.പി.എസ്. | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശ്രീത. റ്റി. | 01.04.2017 മുതൽ 27.06.2017വരെ |
| | ശ്രീമതി. ആൻസി. എ.ആർ. | 28.06.2017 മുതൽ 31.03.2018 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | **ഭാഗം – 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | **ഭാഗം – 2** | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ – അപാകങ്ങൾ | 2-2 |
| 15 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-3 |
| 16 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത | 2-4 |
| 17 | സ്ഥാപനതൊഴിൽ നികുതി | 2-5 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 19 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 2-7 |
| 20 | വാടക – അപാകങ്ങൾ | 2-8 |
| 21 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല | 2-9 |
| 22 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 2-10 |
| 23 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 2-11 |

| | | |
|---|---|---|
| | ഭാഗം - 3 | |
| 24 | ശമ്പള പരിഷ്കരണ കുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 3-1 |
| 25 | ലൈബ്രറി സെസ് കുടിശ്ശിക ഒടുക്കുന്നതിൽ കാലതാമസം | 3-2 |
| 26 | ഓഫീസ് വാഹനം പരിപാലിക്കുന്നതിൽ അപാകതകൾ | 3-3 |
| 27 | തൊഴിൽ രഹിത വേതനം - അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത | 3-4 |
| 28 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,07,863/-രൂപ തടസ്സപ്പെടുത്തുന്നു | 3-5 |
| 29 | നിക്ഷേപ പ്രവൃത്തി ജല അതോറിറ്റിയിൽ നിന്ന് തുക ലഭിക്കാൻ അവശേഷിക്കുന്നു. | 3-6 |
| 30 | അസി. എഞ്ചിനീയർ രജിസ്റ്ററുകൾ തൃപ്തികരമായി പാലിക്കുന്നില്ല. | 3-7 |
| 31 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-8 |
| 32 | അധികം പിരിച്ച ഗുണഭോക്തൃവിഹിതം കർഷകർക്ക് തിരികെ നല്കണം | 3-9 |
| 33 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ ഗുണഭോക്താക്കളുടെ യോഗ്യത പഞ്ചായത്ത് രേഖകളുമായി പൊരുത്തമില്ല | 3-10 |
| 34 | ആനുകൂല്യ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് രേഖകൾ കാലികമാക്കുന്നില്ല. | 3-11 |
| 35 | ആശ്രയ പദ്ധതി – ചെലവഴിക്കാത്ത തുക കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റി | 3-12 |
| 36 | ജാഗ്രതാസമിതി-പ്രവർത്തനം കാര്യക്ഷമമല്ല | 3-13 |
| 37 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിക്കേണ്ടതാണ്. | 3-14 |
| 38 | മരുന്ന് വാങ്ങൽ പദ്ധതി 7,03,021/-രൂപ തടസ്സപ്പെടുത്തുന്നു. | 3-15 |
| 39 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പദ്ധതി മോണിറ്ററിംഗ് അനിവാര്യം | 3-16 |
| 40 | ഓഡിറ്റ് ഇംപാക്ട് | 3-17 |
| | ഭാഗം - 4 | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4-7 |
| 48 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 51 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 32,84,56,452/- രൂപയും ചെലവ് 32,75,53,000/-രൂപയും നീക്കിയിരിപ്പ് 9,03,452/- രൂപയും ആണ്. എന്നാൽ യഥാർത്ഥ വരവ് 8,18,01,411/- രൂപയും, ചെലവ് 7,28,82,860/-രൂപയും, നീക്കിയിരിപ്പ് 89,18,551/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 27.06.2018 വരെ | കെ.എസ്.എ/റ്റി.വി.എം.ജി.പി.8/ 1516/18 തീ.08.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,56,99,414/- |
| വരവ് | 6,61,01,997/- |
| ആകെ | 8,18,01,411/- |
| ചെലവ് | 7,28,82,860/- |
| നീക്കിയിരിപ്പ് | 89,18,551/- |

# 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 14577116 | 14577116 | 14577116 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 9577336 | 9577336 | 9577336 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 5316761 | 5316761 | 5316761 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 4146509 | 4146509 | 4146509 | 0 |
| സെന്‍ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9312722 | 9312722 | 9312722 | 0 |
| കെ. എൽ. എസ് . ജി.ഡി.പി (central) | 0 | 56047 | 56047 | 56047 | 0 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 6665558 | 13489756 | 20155314 | 20108950 | 46364 |
| *** എം. എൻ. ആർ.ഇ.ജി.എസ് സിന്റിക്കേറ്റ് ബാങ്ക്** | 37086 | 1413381 | 1450467 | 1446536 | 3931 |
| കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് | 924995 | 6102472 | 7027467 | 1273334 | 5754133 |
| എസ്.ബി.റ്റി തനത് ഫണ്ട് 57056240752 | 8013157 | 1977341 | 9990498 | 7008931 | 2981567 |
| ക്യാഷ് (തനത് ഫണ്ട്) | 58618 | 132556 | 191174 | 58618 | 132556 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതിയുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 1575341 | 10 | 1513374 | 0 | 0 | 100% |
| 2 | വെറ്ററിനറി സർജൻ | 10 | 7152870 | 7 | 3268218 | 3 | 0 | 70% |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 2804178 | 9 | 2802778 | 0 | 0 | 100% |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 300000 | 1 | 300000 | 0 | 0 | 100% |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 700000 | 2 | 700000 | 0 | 0 | 100% |
| 6 | വി.ഇ.ഒ-1 | 3 | 1252600 | 0 | 0 | 0 | 3 | 0% |
| 7 | വി.ഇ.ഒ-2 | 5 | 5394000 | 3 | 3434000 | 2 | 0 | 60% |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5427607 | 5 | 4356955 | 0 | 2 | 71% |
| 9 | സെക്രട്ടറി | 13 | 6012831 | 11 | 4934047 | 0 | 2 | 85% |
| 10 | എ.ഇ. | 74 | 33707249 | 41 | 19037130 | 0 | 33 | 55% |
| 11 | ഹെഡ്മാസ്റ്റർ | 7 | 2127950 | 7 | 1927790 | 0 | 0 | 100% |
| 12 | ഡയറിഫാംഇൻസ്ട്രക്ടർ | 1 | 1220000 | 1 | 786522 | 0 | 0 | 100% |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 15197340 | 9 | 7965684 | 4 | 3 | 56% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 37086 | 1413381 | 1450467 | *1446536 | 3931 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28274552 | 28274552 | 28274552 | 0 |
| ആകെ | 37086 | 29687933 | 29725019 | 29721088 | 3931 |

*AFS പരിശോധനാ റിപ്പോർട്ടിൽ (കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1516/18 തീയതി 08.08.2018) തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച അപാകത ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 272280 | 460 |
| കർഷകതൊഴിലാളി പെൻഷൻ | 1136200 | 90 |
| വിധവാപെൻഷൻ | 19984000 | 1747 |
| വാർദ്ധക്യകാലപെൻഷൻ | 36919100 | 3184 |
| വികലാംഗപെൻഷൻ | 4586700 | 426 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 394100 | 37 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 ഉച്ചയ്ക്ക് 3.15-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4,285/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വൗച്ചറുകളും,

ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചുനല്കിയിട്ടുണ്ട്. വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

ഓഫീസ് വാഹനത്തിന്റെ പരിപാലനവും, തൊഴിൽ രഹിത വേതന രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. എന്നാൽ ശമ്പള പരിഷ്കരണ കടിശ്ശിക തുകയ്ക്ക് ആനുപാതികമായ പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തുന്നില്ല. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ ,കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതാണ്.

### (i) <u>ബജറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു</u>

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 250101201 | Agriculture and related sectors-plantain | - | 396631 |
| 2 | 250103202 | Animal husbandry-Goat | - | 192000 |
| 3 | 250103101 | Animal husabandry-cow | - | 1800000 |
| 4 | 250104601 | Dairy development -storage and marketing | - | 786522 |
| 5 | 250200101 | Soil and water conservation | - | 100000 |
| 6 | 251100701 | sports | - | 80759 |
| 7 | 251100901 | Reading rooms and Libraries | - | 30090 |
| 8 | 251101302 | Educational related Activities | - | 1507800 |
| 9 | 253100102 | Drinking water related projects-SCP | - | 407895 |
| 10 | 253100601 | Asraya Projects for rehabilitation of destitude | - | 2850000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27/19.01.2019ന് ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യയിലെ സാങ്കേതിക തകരാറ് മൂലമാണ് ബജറ്റിനേക്കാൾ അധികരിച്ച് ചെലവ് വന്നതെന്നും വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ സംഭവിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്.

**(ii)പൊതുഭരണം**

**ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം**

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009]. മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം ക്രമീകരണം പൂർത്തീകരിച്ചിട്ടില്ല. |
| | **ഫ്രണ്ട് ഓഫീസ്** | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല. |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| | 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | തൻവർഷ വരവ് 126/- രൂപ |

| | | |
|---|---|---|
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി, വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടുണ്ട് |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

iii) <u>സേവനാവകാശം</u>

സംസ്ഥാന സേവനാവകാശ നിയമം (01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി. 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേദഗതി എന്നിവ പ്രകാരവും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.01/17.01.2019) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കുന്നതിനായി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

# 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2018 | 08/2018 മുതൽ 10/2018 വരെ | 26.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2016 | 2011-12 മുതൽ 2015-16 വരെ | 29.09.2016 |

# 1-12 <u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

ഓഡിറ്റ് റിക്കവറി ഇനത്തിൽ 15,760/-രൂപ തൻവർഷം ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക 140200102 Penalties and fines-Fines എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016 ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017 ജനവരി 15-ന് മുൻപ് | ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25 ന് മുൻപ് | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി-20.03.17<br>വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി-18.03.17 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 14.02.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 19.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 14.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017 മാർച്ച് 31-ന് മുൻപ് | 27.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന

നടപടിക്രമങ്ങൾ പൂർണ്ണമായും ലംഘിച്ചുകൊണ്ടാണ് ഘടകസ്ഥാപനങ്ങളുടെ ആവശ്യകതാ നിർണ്ണയംപോലും നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്.

നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 2-2 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം അപേക്ഷ സമർപ്പിച്ച് ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം I,IV,VI,Xഎന്നീ വാർഡുകളിൽ ലൈസൻസ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

**a)ലൈസൻസ് നൽകിയ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെടുത്തിയില്ല.**

2017-18 വർഷത്തേയ്ക്ക് ഡി ആന്റ് ഓ ലൈസൻസ് നൽകിയ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | VI/526 | ബിനു | ബേക്കറി |
| 2 | XV/551 | അബ്ദുൾ മജീദ് | ഫ്ലവർ മിൽ |
| 3 | XV/536 | മുരളീധരൻ | ഫർണീച്ചർ കട |
| 4 | XV/634 | ലീന | ടെക്സ്റ്റൈൽസ് |
| 5 | X/202 | അബ്ദുൾ ലത്തീഫ് | പ്ലംബിംഗ് & സാനിട്ടറി |
| 6 | XV/106 | അബ്ദുൾ നാസർ | ഹോട്ടൽ |
| 7 | X/248 | സലിം | സ്റ്റേഷനറി സ്റ്റോർ |
| 8 | IV/89 | ഉഷാകുമാരി | പച്ചക്കറി കട |
| 9 | VI/89 | കബീറുദ്ദീൻ | ഡ്രൈഫ്രൂട്ട് |
| 10 | I/483A | നിസാം | റസ്റ്റോറന്റ് |
| 11 | I/352A | മുഹമ്മദ് മുസ്തഫ | മുറുക്കാൻ കട |

**b)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല**

ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I/285 | ഷംനാദ് | കയർ പിരിക്കുന്നതിന് |
| 2 | I/103 | നസീമ | ടെക്സ്റ്റൈൽസ് & ഫാൻസി |
| 3 | I/102 | അസീമ | ടെക്സ്റ്റൈൽസ് & ഫാൻസി |
| 4 | രേഖപ്പെടുത്തിയിട്ടില്ല | നൗഷാദ് | ബിൽഡിംഗ് മെറ്റീരിയൽസ് |
| 5 | I/498 | സഫീർ | പ്രൊവിഷൻ സ്റ്റോർ |
| 6 | IV/41 | പ്രസാദ് | ഫ്ലവർ മിൽ |
| 7 | IV/270B | രഞ്ജിത്ത് എം.ആർ. | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 8 | IV/179മുതൽ 184 വരെ | രത്നകുമാരി | ഫാമിലി ഷോപ്പ് |
| 9 | IV 320 മുതൽ 325 വരെ | രാമചന്ദ്രൻ | സ്റ്റേഷനറി & പ്രൊവിഷൻ സ്റ്റോർ |
| 10 | V1/316 | സജു കരുണാകരൻ | പലവ്യഞ്ജനം |
| 11 | VI/270B | രഞ്ജിത്ത് | വർക്ക് ഷോപ്പ് |
| 12 | VI/127 | സുജാതൻ | പ്രൊവിഷൻ സ്റ്റോർ |
| 13 | X/206A | മഹേശ്വരൻ | പടക്ക് വില്പന |
| 14 | X/205 | മഹേശ്വരൻ | പ്രൊവിഷൻ സ്റ്റോർ |
| 15 | X/55,56 | നാസറുദ്ദീൻ | പെയിന്റ് & ഹാർഡ്‌വെയർ |

ബജറ്റ് രൂപീകരണ വേളയിൽ നിലവിലെ വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി & ഒ ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ വിവിധ ഇനങ്ങളിൽ 34 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് 2017-18 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം (സ്വകാര്യം) |
|---|---|---|
| 1 | ഡയറി ഫാം | 15 |
| 2 | ഗോട്ട് ഫാം | 9 |
| 3 | മുട്ടക്കോഴി | 10 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20/17.01.2019ന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഡാറ്റ പ്രകാരമാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ ഫാമുകളുടെ എണ്ണത്തിന്റെ കൃത്യത ഗ്രാമപഞ്ചായത്ത്

വെറ്റിനറി സർജന്റെ സഹായത്തോടെ പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങളും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-4 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത

ഗ്രാമപഞ്ചായത്തിന്റെ അംഗീകരിച്ച ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 8,50,000/- രൂപയുടെ വരവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 6,13,919/- രൂപയാണ്. ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലാണ് ഇത്തരം അന്തരമുണ്ടായത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ടസമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്1) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതുംഅവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

തൻ വർഷത്തെ തൊഴിൽ നികുതി അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

**i)നികുതി ഡിമാന്റ് ചെയ്തിട്ടില്ല**

ഡി&ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി&ഒ ലൈസൻസിനായി സമർപ്പിച്ച ആദ്യ 100അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | XI/435 | അൻസിൽ.എ | ബേക്കറി പലഹാരം കച്ചവടം | 7 |
| 2 | II/133A | കെ.സുജ | സിമന്റ് ബ്ലോക്ക് നിർമ്മാണം | 4 |
| 3 | IX/30 | രതീഷ് കുമാർ | ഹോളോബ്രിക് നിർമ്മാണം | 4 |
| 4 | XIV/231 | കവിത.എ.കെ | റസ്റ്റോറന്റ് | 5 |
| 5 | XVI/106 | അബ്ദുൾ നാസർ | ഹോട്ടൽ | 5 |

**ii) പത്രിക പൂർണ്ണമല്ല.**

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും വരുത്തിവേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിൽ വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഉദാഹരണമായി ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ മുത്തൂറ്റ് ഫിൻകോർപ്പ്, പെരുങ്ങുഴി എന്ന സ്ഥാപനം മേൽ സൂചിപ്പിച്ച പ്രകാരം റിട്ടേൺ സമർപ്പിച്ചിട്ടില്ല.

**iii)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | മാവേലി സ്റ്റോർ, പെരുങ്ങുഴി | രണ്ടാം അർദ്ധവർഷം |
| 2 | എസ്.ബി.ഐ പെരുങ്ങുഴി | രണ്ടാം അർദ്ധവർഷം |
| 3 | എസ്.സി.ബി മുട്ടപ്പലം | ഒന്നാം അർദ്ധവർഷം |
| 4 | അഴൂർ ഭഗവതി ടെമ്പിൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I& IIഅർദ്ധവർഷം |

# 2-5 <u>സ്ഥാപനതൊഴിൽ നികുതി</u>

**a) <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I&II |

| | | |
|---|---|---|
| | ഇടഞ്ഞുംമൂല | അർദ്ധവർഷം |
| 2 | മാവേലി സ്റ്റോർ,അഴൂർ | രണ്ടാം അർദ്ധവർഷം |
| 3 | എസ്.ബി.ഐ. പെരുങ്ങുഴി | രണ്ടാം അർദ്ധവർഷം |
| 4 | എസ്.സി.ബി. മുട്ടപ്പലം | ഒന്നാം അർദ്ധവർഷം |
| 5 | എസ്.സി.ബി. പെരുങ്ങുഴി | ഒന്നാം അർദ്ധവർഷം |

**b) ബി.എസ്.എൻ.എൽ.ന്റെ സ്ഥാപന നികുതി ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം. കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-6 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയും വിധം 5 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | പ്രജോധൻ | വിളയിൽവീട്, പെരുങ്ങുഴി.പി.ഒ. |
| 2 | ജോയി.എസ്.ദാസ് | പുളിമൂട് ഹൗസ്, പെരുങ്ങുഴി. പി.ഒ. |
| 3 | സുരേഷ്ബാബു | വടക്കേത്തോപ്പിൽ, പെരുങ്ങുഴി. പി.ഒ. |
| 4 | ഷാജി.എം | ലൈലാ മന്ദിരം, അവനവൻചേരി |
| 5 | മുരളീധരൻ നായർ | ലഭ്യമാക്കിയില്ല |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 18/17.01.2019ന് ലഭ്യമാക്കിയ മറുപടിയിൽമേൽ കരാറുകാരിൽ നിന്നും പിഴപ്പലിശയുൾപ്പെടെ തൊഴിൽനികുതി

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-7 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ റേഷൻ കടകൾക്ക് 2017-18 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചു നൽകിയിട്ടുമില്ല. റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 24/19.01.2019 ന് ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിലേയ്ക്കായി ചിറയിൻകീഴ് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.

## 2-8 വാടക - അപാകങ്ങൾ

**a)വാടക ഈടാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളിൽ നിന്നും 2017-18വർഷത്തെ വാടക ഈടാക്കിയിട്ടില്ല.

| സ്റ്റാൾ നം | പേര്, വിലാസം | കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|
| മുട്ടപ്പലം മാർക്കറ്റ് സ്റ്റാൾ നം.I | സെക്രട്ടറി, ക്ഷീരസംഘം, പെരുങ്ങുഴി | 04/2017 മുതൽ 03/2018 വരെ | 6272/- |

1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും, ഈടാക്കലും) ചട്ടം പ്രകാരം വാടകകുടിശ്ശിക, പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**b)മാർക്കറ്റ് സ്റ്റാൾ വാടകയ്ക്ക് നൽകിയില്ല**

മുട്ടപ്പലം മാർക്കറ്റ്, വണ്ടിക്കടകളിലെ സ്റ്റാൾ നം.1 (പുതിയത്) 2017-18വർഷത്തേയ്ക്ക് ലേലം നടപ്പാക്കി വാടകയ്ക്ക് നൽകിയത് സംബന്ധിച്ച വിവരം ലേല ഡയറിയിലോ വാടക രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാടക രജിസ്റ്ററിൽ പ്രസ്തുത സ്റ്റാളിന്റെ വാടക തുക ഡിമാന്റ് ചെയ്തിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/17.01.2019 ന് ലഭിച്ച മറുപടിയിൽ മുട്ടപ്പലം മാർക്കറ്റ് സ്റ്റാൾ നം.l എന്ന നിലയിൽ ഒരു വണ്ടിക്കട നിലവിൽ സ്ഥിതി ചെയ്യുന്നില്ല എന്ന വിവരമാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽ മറുപടി തൃപ്തികരമല്ല. 2016-17 വർഷം മുട്ടപ്പലം മാർക്കറ്റ്, വണ്ടിക്കടകളിലെ സ്റ്റാൾ നം.1 (പുതിയത്), ശ്രീ. രാജൻ, അങ്ങേഭാഗം വീട്, അഴൂർ എന്ന വ്യക്തിയ്ക്കാണ് വാടകയ്ക്ക് നൽകിയത്. പ്രസ്തുത സ്റ്റാൾ ഉപയോഗ രഹിതമാണെന്ന് മേൽ വ്യക്തി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തതായോ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ സ്റ്റാളിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തിയതായോ വാടക ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിച്ചതായി മിനിറ്റ്സിലോ വാടക രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇത്തരം വിഷയങ്ങൾ പരിശോധിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-9 <u>വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 949 വളർത്തുനായകൾ ഉള്ളതായും 300 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 122 നായകൾക്ക് മാത്രമാണ് 2017-18 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 19/17.01.2019ന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഡാറ്റാ പ്രകാരമാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ നായകളുടെ എണ്ണത്തിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജന്റെ സഹായത്തോടെ പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് . വളർത്ത് നായകൾക്ക് വാക്സിനേഷൻ നൽകുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 2-10 <u>ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.</u>

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും

ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 30 പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 82,000/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-11 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. അഴൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും തുക ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. പ്രസ്തുത തുകയുടെ ഒരു ശതമാനം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള പരിഷ്കരണ കുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ഒന്ന്, രണ്ട് ഗഡുക്കൾ അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | ഒന്നാം ഗഡു | വൗച്ചർ നം.തീ | രണ്ടാം ഗഡു | വൗച്ചർ നം.തീ |
|---|---|---|---|---|---|---|
| 1 | ശ്രീ. സ്റ്റാലിൻ. ഡബ്ല്യു ഗോമസ് | അസി.സെക്രട്ടറി | 36313 | 21700003 05/04/2017 | 29541 | 21700459 30/11/2017 |
| 2 | ശ്രീ. രാജീവ് ജി.വി. | ഹെഡ്.ക്ലാർക്ക് | 25992 | 21700003 05/04/2017 | 18382 | 21700459 30/11/2017 |
| 3 | ശ്രീ. സോമൻ. കെ. | ലൈബ്രേറിയൻ | 49676 | 21700003 05/04/2017 | 40893 | 21700459 30/11/2017 |
| 4 | ശ്രീമതി. സന്ധ്യ.എസ്. | അക്കൗണ്ടന്റ് | 20339 | 21700003 | 16743 | 21700459 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 05/04/2017 | | 30/11/2017 |
| 5 | ശ്രീ. ശ്യാംരാജ് | സീനിയർ ക്ലർക്ക് | 19852 | 21700003 05/04/2017 | 16342 | 21700459 30/11/2017 |
| 6 | ശ്രീ. ദീപു. പി.വി. | സീനിയർ ക്ലർക്ക് | 19026 | 21700003 05/04/2017 | 15662 | 21700459 30/11/2017 |
| 8 | ശ്രീമതി. അജിത.ജെ.ആർ. | ക്ലാർക്ക് | 23555 | 21700003 05/04/2017 | 19579 | 21700459 30/11/2017 |
| 9 | ശ്രീ. ശരൺ. എസ്. | ക്ലാർക്ക് | 15692 | 21700003 05/04/2017 | 13705 | 21700550 30/11/2017 |
| 10 | ശ്രീ. സുരേന്ദ്രനാഥൻ | ഒ.എ | 22385 | 21700003 05/04/2017 | 18427 | 21700459 30/11/2017 |
| 11 | ശ്രീമതി. ബിന്ദു.എം. | ഒ.എ | 15070 | 21700003 05/04/2017 | 12406 | 21700459 30/11/2017 |
| 12 | ശ്രീമതി. ശകുന്തള | എഫ്.റ്റി.എസ് | 11357 | 21700003 05/04/2017 | 9349 | 21700530 20/11/2017 |
| 13 | ശ്രീ. ജെയിംസ്.ഡി. | എഫ്.റ്റി.എസ് | 20843 | 21700003 05/04/2017 | 17158 | 21700531 30/11/2017 |
| 14 | ശ്രീ. സുഭാഷ്.എസ്. | സെക്രട്ടറി | 33006 | 21700055 29/04/2017 | 26539 | 21700548 30/11/2017 |
| 15 | ശ്രീ. സിദ്ധാർത്ഥൻ | സെക്രട്ടറി | 49164 | 21700133 05/06/2017 | 39530 | 21700540 22/12/2017 |
| 16 | ശ്രീ. രാഹുൽ.എ.എൽ. | ക്ലാർക്ക്. | 14375 | 21700550 30/11/2017 | 11559 | 21700550 30/11/2017 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/17.01.19 ന് ലഭിച്ച മറുപടിയിൽ തുക അടിയന്തിരമായി പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ലൈബ്രറി സെസ് കുടിശ്ശിക ഒടുക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്ത് 2017-18 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കെട്ടിട നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക | ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക | ലൈബ്രറി കൗൺസിലിന് ഒടുക്കിയ തീയതി |
|---|---|---|---|
| 2017-18 ഒന്നാം അർദ്ധവർഷം | 6,14,682/- | 30,734/- | 18.01.2019 |

| | | | |
|---|---|---|---|
| 2017-18<br>രണ്ടാം അർദ്ധവർഷം | 22,68,663/- | 1,13,433/- | 18.01.2019 |

സർക്കുലർ നം 10088/L3/05/lsgd തീയതി 20-09-2005 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും രണ്ടാമത്തെ ഗഡു നവംബർ 30 ന് അകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്. 2017-18 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 18.01.2019 ൽ മാത്രമാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. ലൈബ്രറി സെസ് സമയബന്ധിതമായി കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-3 ഓഫീസ് വാഹനം പരിപാലിക്കുന്നതിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രജിസ്ട്രേഷൻ നമ്പർ KL16 G 8181 പ്രകാരമുള്ള വാഹനത്തിന്റെ ലോഗ് ബുക്കിൽ 04/2017 മുതൽ 07/2017 വരെയുള്ള കാലയളവിലെ ഇന്ധന ഉപഭോഗത്തിന്റെയും അറ്റകുറ്റപ്പണികളെയും സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്തം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/208/ധനം. തീയതി 02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധനത്തിന്റെയും അറ്റകുറ്റപ്പണികളെയും സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 33/19.01.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളും മാർഗ നിർദ്ദേശങ്ങളും കർശനമായും പാലിച്ചുകൊണ്ട് വാഹനം പരിപാലിക്കേണ്ടതാണ്.

## 3-4 തൊഴിൽ രഹിത വേതനം - അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷം തൊഴിൽ രഹിത വേതനം അനുവദിച്ച നൽകിയ ഗുണഭോക്താക്കളുടെ ഫോറം നമ്പർ 6 പ്രകാരമുള്ള അക്വിറ്റൻസ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതന ഇനത്തിൽ 2,72,280/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ (ജി.ഒ.(പി).23/98/തൊഴിൽ തീ.28.05.1998) ചട്ടം 10 പ്രകാരം തൊഴിൽ രഹിത വേതനത്തിന് അർഹരായ ഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പരിന്റെ ക്രമത്തിലുള്ള അക്വിറ്റൻസ് രജിസ്റ്റർ (ഫോറം നമ്പർ 6 പ്രകാരം) ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ഓരോ തവണ വേതനം വിതരണം ചെയ്യുമ്പോഴും തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിട്ട് വാങ്ങേണ്ടതുമാണ്. മേൽ വിഷയം

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 34/19.01.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഫോറം നമ്പർ 6 പ്രകാരമുള്ള വ്യത്യസ്തമായ 7 രജിസ്റ്ററുകളിൽ പരിശോധന നടത്തിയാൽ അർഹത പരിശോധിക്കാമെന്ന വിശദീകരണം തൃപ്തികരമല്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ കർശനമായും പരിപാലിച്ചുകൊണ്ട് വേതന വിതരണം നടത്തേണ്ടതാണ്.

# 3-5 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,07,863/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് : S0047/18, IKM ന് വിഹിതം നല്കൽ

അടങ്കൽ : 1,07,863/-(വികസന ഫണ്ട്-ജനറൽ)

ബിൽ നം,തീയതി : 2/17-18, 17.7.17

കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2017-18 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള IKM ന് വിഹിതം നല്കൽ എന്ന പ്രോജക്റ്റ് പ്രകാരം 1,07,863/- രൂ IKM ന് അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട് (Receipt no.17148/17.10.2017). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 15/17.01.2019 ഓഡിറ്റ് അന്വേഷണത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ Information Kerala Mission-ന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 നിക്ഷേപ പ്രവൃത്തി - ജല അതോറിറ്റിയിൽ നിന്ന് തുക ലഭിക്കാൻ അവശേഷിക്കുന്നു.

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് | ബിൽ നം. തീയതി, തുക |
|---|---|---|---|---|
| S0057/18 | പൈപ്പ് ലൈൻ നീട്ടൽ | 22,53,000/-(ധനകാര്യ കമ്മിഷൻ അവാർഡ്) | 22,53,000/- | 1) 15/17-18,23.10.2017 (10,00,000/-),<br>2) 18/17-18, 30.10.2017 (12,53,000/-) |
| വർക്കിംഗ് ഗ്രൂപ്പ് : കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പെടെ)<br>സ്റ്റാന്റിംഗ് കമ്മിറ്റി : വികസന കാര്യം | | | | |

മേൽ നിക്ഷേപ പ്രവൃത്തിക്കുള്ള ചെലവ് തുകയായ 14,02,352/- യുടെ വിനിയോഗ സാക്ഷ്യപത്രം കേരളാ ജലഅതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ചെലവ് തുക കഴിച്ചുള്ള 8,50,648/-രൂപ വാട്ടർ

അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 15/17.1.2019 ന്, ബാക്കി തുക 2018-19 വർഷത്തെ പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ടിനായുള്ള ഫണ്ടിൽ ഉൾപ്പെടുത്തി ഉപയോഗിക്കുന്നതിന് ഭരണസമിതി തീരുമാനം എടുക്കുകയും [26.12.2018 ലെ 1(15) നം തീരുമാനം] വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും, മേൽ വിഷയം സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുള്ള കത്തിന്റെ പകർപ്പോ, മറ്റ് പഞ്ചായത്ത് നടപടി ക്രമങ്ങളുടെ പകർപ്പോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങളും രേഖകളും ലഭ്യമാക്കേണ്ടതാണ്.

# 3-7 അസിസ്റ്റന്റ് എഞ്ചിനീയർ - രജിസ്റ്ററുകൾ തൃപ്തികരമായി പരിപാലിക്കുന്നില്ല

**a)ക്യാഷ് ബുക്ക്**

ജി.ഒ.(പി)നം.177/2006/ധനം തീ.12.04.2006 പ്രകാരം ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ.7.എ ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. കാഷ് ബുക്കിലെ രേഖപ്പെടുത്തൽ നിർവഹണ ഉദ്യോഗസ്ഥൻ അതാത് ദിവസം തന്നെ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കാഷ് ബുക്കിൽ മാസാന്ത്യ, വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ 2017-18 കാലയളവിൽ കാഷ് ബുക്ക് പരിപാലിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. രേഖപ്പെടുത്തലുകളൊന്നും തന്നെ എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

**b)പ്രോജക്ട് രജിസ്റ്റർ**

ജി.ഒ.(പി)നം.177/2006/ധനം തീ.12.04.2006 അനക്ഷർ ബി-Vപ്രകാരം 2017-18 ൽ പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**c)ടെൻഡർ രജിസ്റ്റർ, സെക്യൂരിറ്റി, എഗ്രിമെന്റ് രജിസ്റ്റർ**

ടെൻഡർ രജിസ്റ്റർ, സെക്യൂരിറ്റി, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ 2017-18 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# 3-8 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) നം.72/2017/lsgd തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അഴൂർ ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 അധികം പിരിച്ച ഗുണഭോക്തൃവിഹിതം - കർഷകർക്ക് തിരികെ നൽകണം

ഗ്രാമസഭ തെരഞ്ഞെടുത്ത 20 സെന്റ് കൃഷിഭൂമി സ്വന്തമായുള്ളതോ, പാട്ടത്തിന് ലഭിക്കുകയോ ചെയ്യുന്ന രജിസ്റ്റേർഡ് വാഴകർഷക സമിതികളിൽ ഉൾപ്പെട്ട കർഷകർക്ക് 25 യൂണിറ്റ് (1യൂണിറ്റ് - 288എണ്ണം) വാഴക്കന്ന്, ജൈവ വളം, രാസവളം എന്നിവ നൽകുന്നതാണ് പ്രോജക്ട്. പ്രസ്തുത പ്രോജക്റ്റ് പ്രാകാരം 19 കർഷകർക്കായി 25യൂണിറ്റ് വാഴക്കന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. 25യൂണിറ്റുകൾക്ക് ഗുണഭോക്തൃവിഹിതമായി ആകെ 87,214/-രൂ (3488.6/യൂണിറ്റ്)യാണ് പിരിക്കേണ്ടത്. എന്നാൽ 98,400/-രൂപ ഈ ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുകയും, വാഴക്കന്ന്, വളം എന്നിവ വാങ്ങുന്നതിലേക്കായി 95,175/- (45,640/-, 49,535/- എന്നിങ്ങനെ തുകകൾ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ (KAICO), ഇടയ്ക്കോട് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്തൃ വിഹിതമായി 11,186/-രൂ അധികമായി ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം, തീയതി, തുക |
|---|---|---|---|---|---|
| S0086/18 | വാഴകൃഷി- രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് | വി.ഫ<br>ഗു.വി | 304485/-<br>87214/- | 301456/-<br>95175/- | 3/17-18, 6.1.18, 2,51,921/-<br>4/17-18, 30.1.18, 49,535/-<br>ഗുണ.വിഹിതമായി ഈടാക്കിയ 98,400/- ൽ 95,175/- രൂപ ചെലവഴിച്ചിട്ടുണ്ട്. KAICO തിരു. അക്കൗണ്ട് നം.57012937708 എസ്.ബി.ഐ.പുത്തൻചന്ത എന്ന അക്കൗണ്ടിലേക്ക് 45,640/-രൂപ, ഇടയ്ക്കോട് സ.കോ.സൊസൈറ്റി IDBI, Attingal 1199120000000028 അക്കൗണ്ടിലേക്ക് 49,535/-രൂപ എന്നിങ്ങനെ തുകകൾ ട്രാൻസ്ഫർ ചെയ്തു. |
| ആകെ | | | 391699/- | 396631/- | |
| നിർവ്വഹണം - കൃഷി ഓഫീസർ<br>വർക്കിംഗ് ഗ്രൂപ്പ് - കൃഷിയും അനുബന്ധ മേഖലകളും<br>സ്റ്റാന്റിംഗ്കമ്മിറ്റി - വികസന കാര്യം | | | | | |

പ്രോജക്ട് നിർവ്വഹണവേളയിലോ മോണിറ്ററിംഗ് വേളയിലോ വർക്കിംഗ് ഗ്രൂപ്പോ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ മേൽവിഷയം ചർച്ചചെയ്തിട്ടില്ല (മിനിട്സ് പരിശോധന). ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ട രീതിയിൽ നിരീക്ഷിക്കാത്തതാണ് ഇത്തരം അപാകതയ്ക്ക് കാരണമായത്. അധികം പിരിച്ചെടുത്ത 11,186/-രൂ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/22.1.19), അധികം ഈടാക്കിയ ഗുണഭോക്തൃവിഹിതം തിരികെ നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 3-10 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ-ഗുണഭോക്താക്കളുടെ യോഗ്യത പഞ്ചായത്ത് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ എന്ന 59/18-ാം നമ്പർ പദ്ധതിയിൽ ഗുണഭോക്താവായ ശ്രീമതി. ജയ (വീട്ടുനമ്പർ XIII/493) യുടെ വീട് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 5 വർഷം പഴക്കമുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള വീടായും രേഖപ്പെടുത്തിയിട്ടുണ്ട്. കോൺക്രീറ്റ് മേൽക്കൂരയുള്ള വീടുകൾക്ക് ധനസഹായം നൽകേണ്ടതില്ല. ഈ അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 16 ന് ലഭിച്ച മറുപടിയിൽ അസസ്മെന്റ് രജിസ്റ്ററിൽ അപാകതയുള്ളതായും നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് വീടുകൾ സന്ദർശിച്ചിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുകയാണെങ്കിൽ, നൂറു ശതമാനം ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തിയ പഞ്ചായത്ത് എന്നതിലെ കൃത്യത ഭരണസമിതിയും പഞ്ചായത്ത് ജീവനക്കാരും ഒരു പോലെ വിലയിരുത്തേണ്ടതുണ്ട്.

## 3-11 ആനുകൂല്യ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് രേഖകൾ കാലികമാക്കുന്നില്ല.

ഓരോ സാമ്പത്തിക വർഷത്തിലും നിർവഹണം നടത്തുന്ന പദ്ധതികളിൽ, വീടുകളുടെ മെയിന്റനൻസ്, മേൽക്കൂര മാറ്റൽ, പഠനമുറി നിർമ്മിക്കൽ തുടങ്ങിയ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. വീടുകളുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നവരുടെ ആനുകൂല്യ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് രേഖകൾ കാലികമാക്കേണ്ടതുണ്ട്.

- അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ. എന്നിവർ നിർവഹണം നടത്തിയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ പദ്ധതികളുടെ ആനുകൂല്യം ലഭ്യമായ 31 ഗുണഭോക്താക്കളുടെയും വീടിന്റെ മേൽക്കൂര സംബന്ധിച്ച വിവരങ്ങളിൽ പഞ്ചായത്ത് രേഖകളിൽ മാറ്റം വരുത്തിയിട്ടില്ല.
- അസിസ്റ്റന്റ് സെക്രട്ടറി മുഖാന്തിരം നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പുതുക്കിയിട്ടില്ല. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പുതുക്കി, നികുതി പുന: നിർണ്ണയിക്കേണ്ടതുണ്ട്.

സഞ്ചയ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയ സാഹചര്യമാണ് പഞ്ചായത്തിന് മുന്നിലുള്ളത്. തിരുത്തലുകൾ സാധ്യമാകാത്ത സാഹചര്യം മറികടക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാകേണ്ടതുണ്ട്. ഇതിനായുള്ള കത്തിടപാടുകൾ അടിയന്തിരമായി നടത്തുവാൻ സെക്രട്ടറി ശ്രദ്ധ നൽകേണ്ടതാണ്.

## 3-12 ആശ്രയപദ്ധതി-ചെലവഴിക്കാത്ത തുക കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0 003/18 |
| ഫണ്ടിനം | തനത് ഫണ്ട് |
| | |

| | |
|---|---|
| അടങ്കൽ തുക | 27,20,840/- |
| ചെലവ് തുക | 27,00,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

തനത് ഫണ്ട് വകയിരുത്തിയിട്ടുള്ള സ്പിൽ ഓവർ പദ്ധതിയാണിത്. ഒന്നാം ഘട്ടത്തിലെ 16 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വീതം നൽകുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ 8 ഗുണഭോക്താക്കളാണ് ഈ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. ബാക്കി തുകയായ 15 ലക്ഷം രൂപയുടെ ചെലവു രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ, നൽകിയ ഓഡിറ്റ് അന്വേഷണം 42നുള്ള മറുപടിയിൽ ബാക്കി തുക അഴൂർ കുടുംബശ്രീ സി.ഡി.എസിന്റെ ആശ്രയ പദ്ധതിക്ക് വേണ്ടിയുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി പറയുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്തതിനാലും 2016-17 ലെ പദ്ധതി 2018-19 വർഷം സ്പിൽ ഓവർ ആക്കുന്നതിന് സാധിക്കാത്തതിനാലും ബാക്കി തുക ചെലവഴിക്കുവാൻ കഴിയില്ല. ഈ സാഹചര്യത്തിൽ കുടുംബശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്ന ബാക്കി തുക കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ തനത് ഫണ്ടിൽ എത്തിക്കുവാൻ അടിയന്തിര ഇടപെടലുകൾ നടത്തുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുണ്ട്.

## 3-13 ജാഗ്രതാസമിതി-പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെയും സ്ത്രീകളുടെയും സുരക്ഷ, പരാതികൾ പരിഹരിക്കുക എന്നിവ ഉറപ്പുവരുത്തേണ്ടതും (ജി.ഒ(എം.എസ്)80/17 തസ്വഭവ തീയതി 03.04.17), സമിതിയുടെ യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമാണ് [കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5)]. പഞ്ചായത്തിലെ 18 വാർഡുകളിൽ ജാഗ്രതാസമിതി രൂപീകരിക്കുകയും ഒരു തവണ യോഗം ചേർന്നിട്ടുമുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.43/21.1.2019) മറുപടി നല്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വാർഡിലും നടക്കുന്ന പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അവ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ഭരണസമിതി തലത്തിൽ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. പഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-14 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ നിർദ്ദേശം പൂർണമായും പാലിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശം പൂർണമായും പാലിക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ അനർഹർ ഉൾപ്പെടുകയും, തൻമൂലം മുൻഗണനാക്രമം പാലിക്കാൻ സാധിക്കാതെ വരികയും, അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പല പദ്ധതികളും ഉപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ തീ.3.4.2017 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുകയും, അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുകയും വേണം. എന്നാൽ അപ്രകാരം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി മുൻഗണന നിശ്ചയിച്ചല്ല കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധനയിൽ നിന്നും, ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 2/14.1.2019 ന് ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

**i)ഗുണഭോക്തൃലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടതിനാൽ മുൻഗണനാക്രമം പാലിക്കാൻ സാധിച്ചില്ല**

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായുള്ള പശു വളർത്തൽ (പ്രോ.നം. S090/18) എന്ന പ്രോജക്റ്റ് പ്രകാരം 72 പേർക്ക് തൻവർഷം ആനുകൂല്യം നല്കിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച 249 പേർ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ നിന്ന് മുൻഗണനാക്രമം പാലിച്ചല്ല തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഉദാ.104ാമത്തെ ഗുണഭോക്താവിന് ശേഷം 113 മുതൽ 118 വരെയുള്ളവർക്കും അതിന് ശേഷം 125, 128 എന്നീ നമ്പരുകളിലായുള്ള ഗുണഭോക്താക്കൾക്കും അനുകൂല്യം നല്കി. കൂടാതെ ഗുണഭോക്തൃലിസ്റ്റിൽ 128-ാമതായി വരുന്ന ആളിന് ശേഷം ആനുകൂല്യം നല്കിയിരിക്കുന്നത് അർഹതാലിസ്റ്റിലെ ധാരാളം ഗുണഭോക്താക്കളെ മറികടന്ന് 161-ാമതായി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.വസന്ത, ലക്ഷ്മിവിള വീട്, പെരുങ്ങുഴി (വാർഡ് 14)എന്ന വ്യക്തിക്കും ശേഷം 171-ാമതായി രേഖപ്പെടുത്തിയിരിക്കുന്ന ഐഷാബീവി, പണ്ടാരത്തോപ്പ്, മാടൻവിള(വാർഡ് 1) എന്ന വ്യക്തിക്കുമാണ്.

**ii)അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താത്തത് മൂലം പദ്ധതികൾ ഉപേക്ഷിക്കുന്നു**

2017-18 വർഷം അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പദ്ധതികൾ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പേര് | അടങ്കൽ | നിർവഹണ ഉദ്യോഗസ്ഥൻ | ജനറൽ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 113/18 | ഗാർഹിക കമ്പോസ്റ്റ് യുണിറ്റ് (ബയോകമ്പോസർ)<br>-വികസനകാര്യസ്റ്റാ. കമ്മിറ്റി | 2,01,600/- (ധനകാര്യ കമ്മിഷൻ അവാർഡ്+ ഗ്ര.വിഹിതം) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 78<br>(6.1.2018ലെ 14(8) ാം നമ്പർ തീരുമാനം) |
| 2/18 | പട്ടികജാതി | 12,00,000/- | അസിസ്റ്റന്റ് | 32 |

| | | | | |
|---|---|---|---|---|
| | യുവാക്കൾക്ക് പിക്ക് അപ്പ് വാൻ (സ്പിൽഓവർ)<br>-ക്ഷേമകാര്യ സ്റ്റാ.കമ്മിറ്റി | (വി.ഫ. എസ്.സി.പി) | സെക്രട്ടറി | (14.8.2017ലെ 1(36) ാം നമ്പർ തീരുമാനം) |
| 88/18 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം<br>-ക്ഷേമകാര്യ സ്റ്റാ.കമ്മിറ്റി | 2,00,000/-<br>(വി.ഫണ്ട്)<br>തനത് ഫണ്ട് 10,000/- | അസിസ്റ്റന്റ് സെക്രട്ടറി | 36<br>(14.8.2017ലെ 1(19) ാം നമ്പർ തീരുമാനം) |
| 117/18 | ശാരീരിക വൈകല്യ മുള്ളവർക്ക് പെട്ടിക്കട<br>-ക്ഷേമകാര്യ സ്റ്റാ.കമ്മിറ്റി | 3,00,000/-<br>(വി.ഫ. എസ്.സി.പി) | അസിസ്റ്റന്റ് സെക്രട്ടറി | 23<br>(14.8.2017ലെ 1(23) ാം നമ്പർ തീരുമാനം) |

അംഗീകാരം ലഭിച്ച പ്രോജക്ടും ഗുണഭോക്തൃലിസ്റ്റും ലഭ്യമായിരിക്കെ പ്രസ്തുത പ്രോജക്ടുകൾ ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമല്ല. മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ അതിന്റെ നിയന്ത്രണത്തിലുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിൽ ശ്രദ്ധിച്ചില്ല.

സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കാതെയുള്ള പദ്ധതി ആസൂത്രണം മൂലം സ്ഥാപനത്തിന് വികസനഫണ്ട് നഷ്ടമാകുന്നു. സർക്കാർ മാർഗനിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി ആസൂത്രണം ചെയ്യുന്നതിനും, ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും മേൽനോട്ടച്ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

### iii) വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാൻ കഴിയുന്നില്ല

ഗുണഭോക്താക്കളുടെ കുറവ് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാൻ കഴിയാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. ആയതിനാൽ തൻവർഷം നടപ്പിലാക്കിയ എസ്.സി, വനിതാഘടക പദ്ധതികളടക്കമുള്ളവ പൂർണലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ക്റ്റ് | അടങ്കൽ തുക | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 95/18-മുട്ടക്കോഴി വളർത്തൽ<br>എസ്.സി.പി.<br>(177 പേർക്ക് ) | 265500<br>(വി.ഫ. SCP+BC) | 96375 | 65 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 96/18-കാളക്കുട്ടി- പോത്ത് കുട്ടി വളർത്തൽ<br>എസ്.സി.പി.<br>(18 പേർക്ക്) | 2,88,000/-<br>(വി.ഫ. SCP+BC)) | 80000 | 8 |
| 3 | 98/18-ആട് വളർത്തൽ-വനിത എസ്.സി.പി.<br>(36 പേർക്ക്) | 7,20,000/-<br>(വി.ഫ. SCP+BC) | 192000 | 16 |

ഇപ്രകാരം പ്രോജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരം എണ്ണം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാൻ സാധിക്കാത്തത് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാൻ സാധിച്ചിട്ടില്ല. ഒരു പ്രോജക്റ്റിന്റെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

# 3-15 മരുന്ന് വാങ്ങൽ പദ്ധതി-7,03,021/- രൂപ തടസ്സപ്പെടുത്തുന്നു.

i)2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ-പി.എച്ച്.സി, മെഡിക്കൽ ഓഫീസർ അയുർവേദം എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയിട്ടുള്ള ചുവടെപ്പറയുന്ന പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി തുകകൾ പിൻവലിച്ച് കേരളാ മെഡിക്കൽ സർവീസസ്, കോർപറേഷൻ, ഔഷധി, പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് | KMSCL/ ന് കൈമാറിയതുക | ലഭ്യമായ മരുന്ന് | ഇനി ലഭിക്കാനുള്ളത് |
|---|---|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC | | | | |
| 1 | 42/18<br>പാലിയേറ്റീവ് കെയർ (ജനറൽ)<br>അടങ്കൽ: 600000(വി.ഫ-ജന) | 3,52,600/-<br>(ബിൽ നം./തീയതി 13/18, 08.03.2018, 02/18, 24.10.2017) | 2,48,804/- | 1,03,796/- |
| 2. | 49/18<br>പാലിയേറ്റീവ് കെയർ(SCP)<br>അടങ്കൽ: 600000(വി.ഫ-SCP) | 3,00,000/-<br>(ബിൽ നം./തീയതി 5/18, 24.10.2017, 9/18,24.10.2017) | 1,61,630/- | 1,38,370/- |
| 3 | 62/18<br>PHC ക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ: 500000(മെയിന്റനൻസ് ഫണ്ട് റോഡിതരം) | 5,00,000/-<br>(ബിൽ നം./തീയതി 7/18, 24.10.2017) | 2,85,164/- | 2,14,836/- |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 4 | 111/18<br>വയോജനങ്ങളുടെ ആരോഗ്യ പരിപാലനം<br>599178(വി.ഫ-ജന) | 4,60,000/-<br>(ബിൽ നം./തീയതി 8/18 24.10.2017, 15/18, 08.03.2018) | 2,32,444/- | 2,27,556/- |
| ആകെ | | 16,12,600/- | 9,28,042/- | 6,84,558/- |
| ii)നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം | | | | |
| | S0071/18അഴൂർഗവ. ഡിസ്പെൻസറിക്ക്മരുന്ന് വാങ്ങൽ<br>500000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം | പാട്യം/ ഔഷധി<br>(3,00,000/- ഔഷധി + 2,00,000/- പാട്യം<br>46/17-18, 18.11.17, 57/17-18, 30.12.17, 61/17-18, 16.2.18 | 4,81,537/- | 18,463/-<br>(13693 ഔഷധി+ 4770 പാട്യം) |
| | ആകെ | | | 7,03,021/- |
| വർക്കിംഗ് ഗ്രൂപ്പ് : ആരോഗ്യം<br>സ്റ്റാന്റിംഗ്കമ്മിറ്റി : ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | | | | |

മേൽ വിവരിച്ച പ്രകാരം പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള വിവിധ പ്രോജക്ടുകളിലേക്കായി 6,84,558/-രൂപയുടെ മരുന്ന് കേരളാ മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നു. കൂടാതെ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥ പ്രോജക്ട് പ്രകാരം പാട്യം, ഔഷധി എന്നിവയിൽ നിന്ന് യഥാക്രമം 4,770/-, 13,693/- എന്നിങ്ങനെ ആകെ 18,463/-രൂപയുടെ മരുന്നുകളും ലഭിക്കാൻ ബാക്കിയുണ്ട്. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- പദ്ധതി മോണിട്ടറിംഗ് അനിവാര്യം

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കുന്നില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനവും നിലവിലില്ല. പാലിയേറ്റീവ് പരിചരണത്തിനായി പഞ്ചായത്ത് തൻവർഷം ജനറൽ, എസ്.സി. വിഭാഗങ്ങളിലായി മൂന്ന് പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിന്റെ അഭാവം മൂലം സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ആയുർവേദ മരുന്നുകൾ 75%ൽ അധികം ഉപയോഗിക്കാതെ അവശേഷിക്കുന്നു. തൻവർഷ പ്രോജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം/ പേര് | ചെലവ് | നിർവഹണ ഉദ്യോഗസ്ഥൻ | സ്റ്റാന്റിംഗ്കമ്മിറ്റി : |
|---|---|---|---|---|
| 1 | 42/18<br>പാലിയേറ്റീവ് കെയർ(ജനറൽ)<br>അടങ്കൽ: 6,00,000/- (വി.ഫ-ജന) | 600000 | മെഡിക്കൽ ഓഫീസർ-PHC | ആരോഗ്യം വിദ്യാഭ്യാസം<br>വർക്കിംഗ് ഗ്രൂപ്പ് :<br>ആരോഗ്യം |

| | | | | |
|---|---|---|---|---|
| 2 | 49/18<br>പാലിയേറ്റീവ് കെയർ(SCP)<br>അടങ്കൽ: 6,00,000/-<br>(വി.ഫ-SCP) | 600000 | മെഡിക്കൽ ഓഫീസർ-PHC | |
| 3 | 75/18<br>സാന്ത്വന പരിചരണം -ആയുർവേദ മരുന്ന് വാങ്ങൽ<br>അടങ്കൽ:2,00,000/-<br>വി.ഫ. (പൊതു) | 200000 | മെഡിക്കൽ ഓഫീസർ-ആയുർവേദം | |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ സംവിധാനം സംബന്ധിച്ച് ജി.ഒ(ആർ.ടി)3217/2015/ത.സ്വ.ഭ.വ തീ.29.10.2015 ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

i)അഴൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്ന് പാലിയേറ്റീവ് പരിചരണം ആവശ്യമായ രോഗികളുടെ (കിടപ്പ് രോഗികൾ ഉൾപ്പെടെയുള്ളവരുടെ) ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, 2017-18 കാലയളവിൽ മൂന്ന് തവണ മാത്രമാണ് ആയുർവേദ ടീം, ഹോം വിസിറ്റ് നടത്തിയിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവ് ഖ2.6.2(5)പ്രകാരം അലോപ്പതി ചികിത്സയോടൊപ്പമോ, അല്ലാതെയോ ആയുർവേദ/ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന/അവലംബിക്കേണ്ട രോഗികൾ ഉണ്ടെങ്കിൽ മാസത്തിൽ ആകെയുള്ള ഹോംകെയർ ദിനങ്ങളിൽ നാലോ അഞ്ചോ ദിനങ്ങൾ അത്തരം രോഗികളെ സന്ദർശിക്കുന്നതിനായി നിശ്ചയിക്കാവുന്നതാണ്. പാലിയേറ്റീവ് ടീമുകൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവം മൂലം ആയുർവേദ മെഡിക്കൽ ഓഫീസറുടെ സേവനം രോഗികൾക്ക് വേണ്ട വിധത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്ന് മാത്രമല്ല, പ്രസ്തുത പ്രോജക്റ്റിലേക്കായി വാങ്ങിയ 2,00,000/-രൂപയുടെ ആയുർവേദ മരുന്നുകളിൽ 1,53,347/-രൂപയുടെ മരുന്നുകൾ ഇനിയും ഉപയോഗിക്കാതെ അവശേഷിക്കുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി(14/19.1.19)ന്റെ മറുപടിയിൽ വാഹനസൗകര്യം ലഭ്യമല്ലാത്തത് ഉൾപ്പെടെയുള്ള വിഷയങ്ങൾ ആയുർവേദ മെഡിക്കൽ ഓഫീസർ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ മേൽനോട്ടച്ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലും ഉണ്ടായിട്ടില്ല.

ii)പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള "പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി" യുടെ യോഗങ്ങളിൽ ആയുർവേദ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ കമ്മിറ്റിക്കായിട്ടില്ല. അപ്രകാരമുള്ള യോഗങ്ങളിൽ തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ് എന്നിരിക്കെ മേൽ വിഷയം പ്രസ്തുത യോഗങ്ങളിൽ ചർച്ച ചെയ്ത് പരിഹരിച്ചിട്ടില്ല.

iii)പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതും, എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന്

പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതുമാണ്. അപ്രകാരം കമ്മിറ്റി നിലവിലുണ്ടെന്ന് പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഓഡിറ്റ് അന്വേഷണക്കുറിപ്പി(35/21.1.19)ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും യോഗം ചേർന്നതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ എന്നും, സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തേണ്ട ചുമതല ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്.

# 3-17 ഓഡിറ്റ് ഇംപാക്ട്

**(എ) ലൈസൻസ് ഫീ ഈടാക്കി**

ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച ചുവടെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരുന്നത്.

| വാർഡ്/ കെട്ടിട നമ്പർ | പേര് | വ്യാപാര സ്ഥാപനം | ദിവസവരുമാനം (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| XVI/553 | ഷോപ്പ് മാനേജർ | മാവേലി സ്റ്റോർ, പെരുങ്ങുഴി | 30,000/- | 1,000/- | 200/- | 800/- |

ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് മേൽ സ്ഥാപനത്തിൽ നിന്നും 800/-രൂപ (രസീത് നം.118160102929 തീ.19.1.19 പ്രകാരം) ഈടാക്കിയിട്ടുണ്ട്.

**(ബി) തൊഴിൽ നികുതി**

താഴെപ്പറയുന്ന ജീവക്കാർ ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരുന്നത്.

| പേര് | ഉദ്യോഗപ്പേര്/ സ്ഥാപനം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| ഹാരിഷ്.എ | കൃഷി ഭവൻ, അഴൂർ | 166956 | 1250 | 1000 | 250 |
| ഹാരിസ.എ | കൃഷി ഭവൻ, അഴൂർ | 154986 | 1250 | 1000 | 250 |
| ആകെ | | | | | 500/- |

ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് മേൽ ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം 590/-രൂപ (രസീത് നം.118160102913,14 തീ.18.01.2019 പ്രകാരം) ഈടാക്കിയിട്ടുണ്ട്.

**(സി) സേവന നികുതി ഒടുക്ക് വരുത്തിയില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം തുക പ്ലാൻ ഫണ്ടിലേക്ക് തിരികെ ഒടുക്കു വരുത്തി.**

ഗുണഭോക്തൃ സമിതി മുഖേന അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രവൃത്തികളിൽ സേവനനികുതി അനുവദിച്ച നൽകിയിട്ടുണ്ട്.

1. കൃഷി ഭവൻ സൈഡ് വാൾ നിർമ്മാണവും ഷെഡ് നിർമ്മാണവും

| | |
|---|---|
| അടങ്കൽ തുക | 3,36,000/- |
| | |

| | |
|---|---|
| പ്രോജക്ട് നം. | SO18/18 |
| ബിൽ നം. | 2/17-18 തീയതി 23.06.2017 |
| തുക | 315125 |
| കൺവീനർ | ശ്രീ. ലൈജു, ചരുവിള വീട്, സി.ഒ. നഗർ, പെരുങ്ങുഴി |
| ചെയർമാൻ | ശ്രീ. വിനോദ്, കൊഴിഞ്ഞിൽവിള, പെരുങ്ങുഴി. പി.ഒ. |
| എം. ബുക്ക് | 120/17 |

പ്രവൃത്തിയുടെ 6% സേവനനികുതിയായി 16,882/-രൂപയുൾപ്പെടെയുള്ള തുകയാണ് ഗുണഭോക്തൃ സമിതിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത്.

2. പി.എച്ച്.സി.യ്ക്ക് സൈഡ് വാൾ നിർമ്മാണവും ഹാൾ പാർട്ടീഷനും

| | |
|---|---|
| അടങ്കൽ തുക | 45000 |
| പ്രോജക്ട് നം. | SO 16/18 |
| ബിൽ നം. | 3/17-18 തീയതി 23.06.2017 |
| തുക | 440938 |
| കൺവീനർ | ഡോ. പത്മകുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. അഴൂർ |
| ചെയർപേഴ്സൺ | ശ്രീമതി. നസീമാബീവി, കല്ലുവിള വീട്, മൂന്ന്മുക്ക് , പെരുങ്ങുഴി. പി.ഒ. |
| എം. ബുക്ക് നം. | 93/16-17 |

പ്രവൃത്തിയുടെ appendix B ഭാഗത്തിന്റെ 10.5% സേവനനികുതിയായി 14,925/-രൂപയുൾപ്പെടെയുള്ള തുകയാണ് ഗുണഭോക്തൃ സമിതിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.46/23.01.2019-ന് സേവനനികുതി ഒടുക്കാമെന്ന് അറിയിച്ചു. സേവന നികുതി യഥാസമയം അടവാക്കാതെ കൺവീനർമാർ കൈവശം സൂക്ഷിക്കുകയായിരുന്നു. തുടർന്ന് ഓഡിറ്റിന്റെ നിർദ്ദേശാനുസരണം ചെലാൻ നം.KL011244797201819M/04.02.19, KL011245126201819M/04.02.2019 പ്രകാരം 31,807/- (16882 + 14925) രൂപ കൺവീനർമാർ ട്രഷറിയിൽ (പ്ലാൻ ഫണ്ട് ഹെഡ് 3604-00-911-99-ROP/04.02.2019) ഒടുക്ക് വരുത്തിയിട്ടുണ്ട്.

# ഭാഗം-4

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | തുക | | | |
| ബ്ലോക്ക് പഞ്ചായത്ത് | 42500 | നെൽകൃഷി വികസനം ഒന്നാം വിള | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21250 | നെൽകൃഷി വികസനം രണ്ടാം വിള | 21250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20400 | ജൈവ സമൃദ്ധി | 8500 | 11900 |
| ബ്ലോക്ക് പഞ്ചായത്ത് | 152375 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 152375 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | പാലിന് സബ്സിഡി | 466522 | 33478 |
| ജില്ലാ പഞ്ചായത്ത് | 8500 | ജൈവ സമൃദ്ധി | 8500 | 0 |
| ജില്ലാ പഞ്ചായത്ത് | 152375 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 152375 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി | 100000 | 0 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 247320 | വിവരം ലഭ്യമാക്കിയില്ല | 247320 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ നീട്ടൽ | 2253000 | 1402352 | 850648 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ. (സാധാ) നം.273/2010/ lsgd dated 27-01-2010 | 17500000 | 3364068 | 1364068 | - | 2000000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| സ്ഥാപനം | തുക | മെച്യൂരിറ്റി കാലാവധി | സർട്ടിഫിക്കറ്റ് നം. |
|---|---|---|---|
| ജില്ലാ സഹകരണ ബാങ്ക്, ചിറയിൻകീഴ് | 6,64,259/- രൂപ | 11.06.2019 | 103035/03.10.2012 |

# 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 3.5(1) | 7,120/- | പ്രജോധനൻ, കോൺട്രാക്ടർ | 117160104737/ 23.02.2018 |
| 2 | 2015-16 | 3.5(2) | 8,640/- | പ്രജോധനൻ, കോൺട്രാക്ടർ | 117160104738/ 23.02.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം / ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | വിഷയം | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| 2013-14 | 5.1.5 (4) | കുഴിയാംവിള പൊതുകിണർ, പെരുങ്ങുഴി മേട ജങ്ഷൻ എന്നിവിടങ്ങളിൽ മാലിന്യം വീണുകിടക്കുന്നത് സംബന്ധിച്ച് | തീർപ്പാക്കിയില്ല |
| 2013-14 | 5.1.5 (11) | കുഴിയം കുടിവെള്ള പദ്ധതി, പമ്പ് ഹൗസ്, ടാങ്ക്, ചുറ്റമതിൽ എന്നിവ തകർന്ന നിലയിൽ | തീർപ്പാക്കിയില്ല ശ്രീമതി.ശ്രീവൽസ.പി. ശ്രീനിവാസൻ |
| 2013-14 | 5.1.5 (13) | കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറാതെ പഞ്ചായത്ത് നേരിട്ട് നടത്തുന്നത് സംബന്ധിച്ച് | തീർപ്പാക്കിയില്ല |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,61,01,997/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,28,82,860/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,10,884/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-5 | 1,07,863/- | ശ്രീ.എസ്.സുഭാഷ്, സെക്രട്ടറി |
| 3-15 | 6,84,558/- | ഡോ.പത്മപ്രസാദ്.ബി.എസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| | 18,463/- | ഡോ.എ.കെ.സുമി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| ആകെ | 8,10,884/- രൂപ | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. എസ്. സുഭാഷ്, സെക്രട്ടറി | - | പാർപ്പിടം,<br>ഇലകമൺ. പി.ഒ.<br>വർക്കല |
| 2 | ഡോ. പത്മപ്രസാദ്, മെഡിക്കൽ ഓഫീസർ PHC | - | സായി ഭദ്രം,<br>വിളയിൽമൂല, ആറ്റിങ്ങൽ |
| 3 | ഡോ. എ.കെ. സുമി, മെഡിക്കൽ ഓഫീസർ ആയുർവേദം | - | ആഞ്ജനേയം, ഹൗസ് നമ്പർ 1-A<br>പ്രബിദിയ അപ്പാർട്ട്മെന്റ്, ശാസ്തമംഗലം |

# 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 2 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 [illegible] | 5 |

| | | |
|---|---|---|
| | തീയതി 05.06.2018 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 7 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/761/2017 തീയതി 20.04.2017 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/20/2018 തീയതി 19.03.2018 | 3 |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ്, ഇവ അനുസരിച്ചും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

R.18.5.19